**സുല്ത്താനേറ്റ് ഓഫ് ഒമാന് വിദേശകാര്യ മന്ത്രാലയത്തിന്റെ ചുമതലയുള്ള മന്ത്രിയുടെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം**

ജൂണ് 02, 2014

സുല്ത്താനേറ്റ് ഓഫ് ഒമാന് വിദേശകാര്യ മന്ത്രാലയത്തിന്റെ ചുമതലയുള്ള മന്ത്രി ഹിസ് എക്സലന്സി യൂസുഫ് ബിന് അലവി ബിന് അബ്ദുള്ള, ഔദ്യോഗിക സന്ദര്ശനത്തിനു ജൂണ് മൂന്നിന് ഇന്ത്യയില് എത്തുന്നു. സുല്ത്താനേറ്റ് ഓഫ് ഒമാന് ഗവണ്മെന്റിന് വേണ്ടി നമ്മുടെ പുതിയ നേതൃത്വത്തെ അഭിനന്ദിക്കുവാന് ആണ് സന്ദര്ശനം . ബഹുമാനാപ്പെട്ട വിദേശകാര്യ മന്ത്രിയുടെ ക്ഷണപ്രകാരം ഈ അടുത്തയിടെ ഫെബ്രുവരി 28 , 2014 ല് ഹിസ് എക്സലന്സി യൂസുഫ് ബിന് അലവി ബിന് അബ്ദുള്ള, ഇന്ത്യ സന്ദര്ശിച്ചിരുന്നു .

ഇന്ത്യയും ഒമാനുമായുള്ള സൌഹൃദ ബന്ധങ്ങള് ചരിത്രാതീത കാലം മുതലേ ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളില് അടിസ്ഥാനമാക്കിയുള്ളതാണ് . ഗള്ഫ് മേഖലയില് ഇന്ത്യയുടെ പ്രധാന വ്യാപാര പങ്കാളി ആണ് ഒമാന്. ഉഭയകക്ഷി വ്യാപാരം 5 7 0 കോടി അമേരിക്കന് ഡോളര് 2013-14 ല് കവിഞ്ഞു . ഒമാനിലെ പുരോഗതിക്കും വികസനത്തിനും 700,000 ലധികം വരുന്ന ശക്തമായ ഇന്ത്യന് സമൂഹം നല്കുന്ന സംഭാവന വളരെയധികം അഭിനന്ദനം ലഭിച്ചതാണ് .

പരസ്പര താത്പര്യമുള്ള മേഖലാ ഉഭയകക്ഷി വിഷയങ്ങളും മറ്റു വിഷയങ്ങളും ഈ സന്ദര്ശനതോടനുബന്ധിച്ചു ചര്ച്ച ചെയ്യാനുള്ള അവസരം ആയി ഇരു വിഭാഗവും വിനിയോഗിക്കും.

ന്യൂഡെല്ഹി
ജൂണ് 2, 2014